# സെന്റ് മേരീസ് യു. പി. സ്കൂൾ, അമ്പലക്കര



# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025-2026

# ഉള്ളടക്കം


| ക്രമ നമ്പർ | പേര് | | പേജ് നമ്പർ |
|---|---|---|---|
| 1. | സ്കൂൾ വിവരങ്ങൾ | | |
| 2. | ആമുഖം | | |
| 3. | അധ്യാപകർ | | |
| 4. | 2025-26 അധ്യായന വർഷത്തെ കുട്ടികളുടെ എണ്ണം | | |
| 5. | കുട്ടികളുടെ എണ്ണം - ഗ്രാഫ് | | |
| 6. | ഹ്രസ്വകാലം | | |
| 7. | മധ്യകാലം | | |
| 8. | ദീർഘകാലം | | |
| 9. | മേഖല – അക്കാദമികം | ഉപമേഖല - മലയാളം | |
| 10. | | ഉപമേഖല - ഇംഗ്ലീഷ് | |
| 11. | | ഉപമേഖല - ശാസ്ത്രം | |
| 12. | | ഉപമേഖല - ഗണിതം | |
| 13. | മേഖല – അക്കാദമികം, ഭൗതികം | ഉപമേഖല –ലൈബ്രറി, | |
| 14. | | കാർഷികത്തോട്ടം, | |
| 15. | | ജൈവ വൈവിധ്യ പാർക്ക് | |
| 16. | ടാലന്റ് ലാബ് | | |
| 17. | കാഴ്ചപ്പാട് | | |

# സ്കൂൾ വിവരങ്ങൾ

| | | |
|---|---|---|
| സ്കൂളിന്റെ പേര് | : | സെന്റ് മേരീസ് യു പി സ്കൂൾ, അമ്പലക്കര |
| പഞ്ചായത്ത് | : | ഉമ്മന്നൂർ |
| താലൂക്ക് | : | കൊട്ടാരക്കര |
| ജില്ല | : | കൊല്ലം |
| പോസ്റ്റ് ഓഫീസ് | : | അമ്പലക്കര, 691532 |
| ക്ലസ്റ്റർ | : | ഉമ്മന്നൂർ |
| വില്ലജ് | : | വാളകം |
| ഫോൺ (എച്.എം) | : | 9745772643 |
| ഇമെയിൽ ഐ ഡി | : | stmarysupsampalakara@gmail.com |

# ആമുഖം

ഗ്രാമപ്രദേശമായ അമ്പലക്കരയുടെ ഹൃദയഭാഗത്താണ് സെന്റ് മേരീസ് യു പി എസ് സ്ഥിതി ചെയ്യുന്നത്. സ്കൂൾ സ്ഥാപിതമായത് 1962 ജൂണിൽ ആണ്. സ്കൂൾ സ്ഥാപക മാനേജർ ശ്രീ. ഐ. വർഗീസ് ആയിരുന്നു. ആദ്യമായി അഞ്ചാം ക്ലാസ് ആരംഭിച്ചു. ആദ്യ അധ്യാപകൻ, ഹെഡ്മാസ്റ്റർ എന്നീ സ്ഥാനങ്ങൾ വഹിച്ചത് ശ്രീ. സി. യോഹന്നാൻ ആയിരുന്നു.

സ്കൂൾ പ്രവർത്തനം ആരംഭിച്ചിട്ട് 63 വർഷമാകുന്നു. സ്കൂൾ, കളിസ്ഥലം, പാചകപ്പുര, കൃഷിസ്ഥലം എന്നിവ ഉൾപ്പെടെ ഒന്നര ഏക്കർ സ്ഥലത്താണ് സ്കൂൾ സ്ഥിതിചെയ്യുന്നത്. ഇപ്പോഴത്തെ മാനേജർ ശ്രീ. പി. വി. അലക്സാണ്ടർ ആണ്. സ്കൂളിന്റെ ഹെഡ്മിസ്ട്രെസ്സായി ശ്രീമതി. ബീന. കെ. തോമസ് സേവനം അനുഷ്ടിച്ചു വരുന്നു. ഹെഡ്മിസ്ട്രസ്സ് ഉൾപ്പെടെ അഞ്ച് അധ്യാപകരാണ് ഉള്ളത്, കൂടാതെ ഓഫീസ് അറ്റെന്റന്റായി ശ്രീ. അലക്സാണ്ടർ ജോർജ്ഉം സേവനം അനുഷ്ഠിക്കുന്നു. അഞ്ച്, ആറ്, ഏഴ് ക്ലാസ്സുകളിലായി 30 കുട്ടികളാണ് പഠിക്കുന്നത്. വികാസനോന്മുഖമായ നിരവധി പ്രവർത്തനങ്ങളിലൂടെ കുട്ടികളെയും. സ്കൂളിനെയും മുൻ നിരയിലേക്കുയർത്തുവാൻ അധ്യാപകർ നിരന്തരം പരിശ്രമിക്കുന്നു.

# അധ്യാപകർ


| | | |
|---|---|---|
| ബീന. കെ. തോമസ് | - | ഹെഡ്മിസ്ട്രസ്സ് |
| സന്ധ്യജ. എസ്. എൻ | - | യു.പി.എസ്.റ്റി |
| വൈശാഖ്. എം | - | യു.പി.എസ്.റ്റി |
| അനിൽകുമാർ. ആർ. എസ് | - | ഹിന്ദി |
| നിഷ. എം. ആർ | - | ഉറുദു |

## 2025-2026 അധ്യയന വർഷത്തിലെ

## കുട്ടികളുടെ എണ്ണം

| V | | VI | | VII | |
|---|---|---|---|---|---|
| Boys | Girls | Boys | Girls | Boys | Girls |
| 5 | 5 | 3 | 4 | 4 | 9 |
| Total | | Total | | Total | |
| 10 | | 7 | | 13 | |
| Total | | | | 30 | |

# കുട്ടികളുടെ എണ്ണം - ഗ്രാഫ്



# ഹ്രസ്വകാലം

- വ്യക്തി ശുചിത്വം, ശാരീരിക ശുചിത്വം, ഇവ പാലിച്ചുകൊണ്ട് സാമൂഹിക മാനസിക ശാരീരിക ആരോഗ്യം കൈവരിക്കാൻ കുട്ടിയെ സഹായിക്കുന്നു.
- നമ്മുടെ പരിസരവും സസ്യജന്തുജാലങ്ങളും വിഭവങ്ങളും നശിച്ചുപോകാതെ സംരക്ഷിക്കാനുള്ള മനോഭാവം വളർത്തിയെടുക്കുക.
- മലയാളത്തിലാക്കാം തയ്യാറെടുപ്പ് നടത്തൽ.
- പതിപ്പുകൾ, മാഗസിനുകൾ, സംഘ്യചിത്രീകരണം, ഗജ്യാമിതീയരൂപങ്ങൾ പരിചയപ്പെടൽ, നിർമാണം.
- ഇക്യൂബ് ലാംഗ്വേജ് ലാബ് സൗകര്യം ഒരുക്കൽ .

# മധ്യകാലം

- ഡയറിക്കുറിപ്പ് തയ്യാറാക്കൽ
- ഇംഗ്ലീഷ് ഭാഷയുടെ നിലവാരം ഉയർത്താനാണ് സംഭാഷണ രചന അവതരണം ദൃശ്യവൽക്കരണം
- ഗണിത കേളികൾ
- ഗണിത പാട്ടുകൾ
- കഥകൾ
- ചിത്രങ്ങൾ
- നിർമാണപ്രവർത്തനങ്ങൾ

# ദീർഘകാലം

- ജൈവ വൈവിധ്യ പാർക്ക്
- ടാലന്റ് ലാബ്
- ഗണിത ലാബ്
- ലഘു പരീക്ഷണ ശാല
- വിവര ശേഖരണം
- ലൈബ്രറി
- കാര്ഷികത്തോട്ടം
- ഭാഷാപോഷണം

# മേഖല – അക്കാദമികം, ഉപമേഖല – മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| മലയാള ഭാഷാപോഷണവും ലൈബ്രറി ശാക്തീകരണവും<br><br>മലയാള ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കുവാനുമുള്ള ശേഷി വികസിപ്പിക്കൽ | • പഠന നില കണ്ടെത്തൽ<br>• മലയാളത്തിളക്കം ആവശ്യമായ തയ്യാറെടുപ്പ് നടത്തൽ, നടപ്പിലാക്കൽ<br>• മലയാള വാർത്താവായന<br>• ഡയറിക്കുറിപ്പ്<br>• സ്കൂൾ ലൈബ്രറി<br>• ക്ലാസ് ലൈബ്രറി<br>• വായനാസാമഗ്രികൾ<br>• ലഘുവായനാപുസ്തകങ്ങൾ<br>• പതിപ്പുകൾ, മാഗസിനുകൾ<br>• രചന ശില്പശാലകൾ | ഹ്രസ്വകാലം<br><br>മധ്യകാലം<br><br>ഹ്രസ്വകാലം | | 1000<br><br>1500<br><br>3000 |

# മേഖല – അക്കാദമികം, ഉപമേഖല – ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിൽ ഇംഗ്ലീഷ് ഭാഷയുടെ നിലവാരം ഉയർത്തൽ. | പഠനപ്രവർത്തനത്തിന്റെ ഭാഗമായി ക്ലാസ് മുറികളിൽ നടക്കേണ്ട സംഭാഷണ പ്രവർത്തനങ്ങളും അവതരണവും നടത്തുന്നതിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കൽ. ഇതിനായി സംഭാഷണരചന, അവതരണ സാദ്ധ്യതകൾ എന്നിവ ലിസ്റ്റ് ചെയ്യൽ. | മധ്യകാലം | ഇംഗ്ലീഷ് ഭാഷാധ്യാപകൻ<br>ഇംഗ്ലീഷ് ക്ലബ് ഭാരവാഹികൾ | |
| ഭാഷയുടെ വ്യവഹാരരൂപങ്ങളിൽ പ്രധാനിയായ സംഭാഷണം എന്ന മേഖലയെ പരിപോഷിപ്പിച്ച് അവയിലെ കുട്ടിയുടെ നിലവാരം ഉയർത്തൽ. | ക്ലാസ് മുറിയി പ്രയോഗിക്കാൻ. രചനകൾ ഹേരത് പതിപ്പാക്കൽ. സംഭാഷണങ്ങൾ റെക്കോർഡ് ചെയ്ത് സൂക്ഷിക്കൽ. ശില്പശാലകൾ സംഘടിപ്പിക്കൽ. | ഹ്രസ്വകാലം | എച് എം | |
| അനിമേഷൻ സിനിമകളിലൂടെയും വിഡിയോകളിലൂടെയും കുട്ടി ഭാഷ കേൾക്കുന്നതിനും അത് ഫലപ്രദമായി മനസ്സിലാക്കുന്നതിനും പ്രയോഗിക്കുന്നതിനും | വീഡിയോ പ്രദർശനം. സംഭാഷണങ്ങൾ രേഖപ്പെടുത്തൽ അവയുടെ അർഥം മനസ്സിലാക്കൽ. പുനരാവിഷ്കരണം. ഇ-ക്യൂബ് സാദ്ധ്യതകൾ പ്രയോജനപ്പെടുത്തൽ. | | അധ്യാപകർ<br>കുട്ടികൾ | |

# മേഖല – അക്കാദമികം, ഉപമേഖല – ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നമ്മുടെ പരിസരം, അവിടുത്ത സസ്യ ജന്തു ജാലങ്ങൾ, വിഭവങ്ങൾ എന്നിവ നിശിച്ച് പോകാതെയും മലിനപ്പെടാതെയും സൂക്ഷിക്കുവാൻ ഒരു പരിസര സൗഹൃദ മനോഭാവം വളർത്തിയെടുക്കുക . | | ഹ്രസ്വകാലം | ശാസ്ത്രധ്യാപകർ, ക്ലബ് അംഗങ്ങൾ, കുട്ടികൾ | |
| വ്യക്തി ശുചിത്വവും സാമൂഹിക ശുചിത്വവും പാലിച്ച് കൊണ്ട് ശാരീരിക, മാനസിക, സാമൂഹിക ആരോഗ്യം കൈവരിക്കാൻ കുട്ടിയെ സഹായിക്കുന്നു. | വ്യക്തി ശുചിത്വദിനാചരണം മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ കുട്ടികളെ സ്വയവും പരസ്പരവും വിലയിരുത്തുന്നു. കുറിപ്പുകൾ തയ്യാറാക്കി കുട്ടികൾ സൂക്ഷിക്കുന്നു. | ഹ്രസ്വകാലം | കുട്ടികൾ, അധ്യാപകർ, ക്ലബ് ഭാരവാഹികൾ, സാമൂഹ്യ ആരോഗ്യ പ്രവർത്തകർ | |
| ശാസ്ത്രനേട്ടങ്ങൾ സാമൂഹിക നന്മയ്ക്കായി പ്രയോജനപ്പെടുത്തുക. | ജൈവ വൈവിധ്യ പാർക്ക് നിർമാണം സേവനങ്ങൾ ചെയ്യൽ | ദീർഘകാലം | കുട്ടികൾ, അധ്യാപകർ, പി ടി എ, സ്കൂൾ മാനേജ്മന്റ് | 15000 |
| ലഘുപരീക്ഷണശാല സ്ഥാപിക്കൽ. | കൗതുകമുണർത്തുന്നതും കുട്ടികൾക്ക് ചിരപരിചിതമായ വസ്തുക്കൾ ഉപയോഗിച്ചുകൊണ്ടുള്ള ലഘുപരീക്ഷണങ്ങൾ, അവ പൊതുപരിപാടിയിൽ അവതരണം. മികച്ച പരീക്ഷണങ്ങൾക്ക് പ്രോത്സാഹനം നൽകുന്നു. | ദീർഘകാലം | കുട്ടികൾ, അധ്യാപകർ, | 2500 |

| | | | | |
|---|---|---|---|---|
| | ശാസ്ത്ര പ്രതിഭകൾ, അവരുടെ നേട്ടങ്ങൾ എന്നിവ വ്യക്തമാക്കുന്ന വീഡിയോ പ്രദർശനം.<br><br>വളരുന്ന ശാസ്ത്രപുസ്തകത്തിന്റെ വിലയിരുത്തൽ.<br><br>അധിക വിവരശേഖരണത്തിനുള്ള പത്രക്കട്ടിംഗ്, അക്ഷരമുറ്റം, പടിപ്പുര, കിളിവാതിൽ ഇവയുടെ ശേഖരണം. | ഹ്രസ്വകാലം<br><br>ദീർഘകാലം<br><br>ദീർഘകാലം | അധ്യാപകർ<br><br>അധ്യാപകർ<br><br>അധ്യാപകർ | 1000 |

# മേഖല – അക്കാദമികം, ഉപമേഖല – ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ദൈനംദിന പ്രവർത്തനങ്ങൾ പരിഹരിക്കുന്നതിന് ഗണിതത്തെ ഉപയോഗപ്പെടുത്തുക. | സംഘ്യചിത്രങ്ങൾ<br>ജ്യാമിതീയ രൂപങ്ങൾ പരിചയപ്പെടൽ, നിർമാണം. | ഹ്രസ്വകാലം | അധ്യാപകർ | 1000 |
| യുക്തി ചിന്ത വികസിപ്പിക്കുന്നതിന്. | സംഘ്യപാറ്റേണുകൾ<br>മാന്ത്രിക ചതുരം<br>ക്ലോക്ക്<br>കലണ്ടർ | | | |
| പ്രശ്നപരിഹരണത്തിന് ശാസ്ത്രീയ സമീപനം സ്വീകരിക്കൽ. | താരതമ്യം ചെയ്യൽ<br>അളവുകൾ<br>ആരോഹണം<br>അവരോഹണം | | | |
| ഗണിതം ആസ്വദിക്കാൻ കഴിയുന്ന തരത്തിലേക്ക് കുട്ടിയെ ഉയർത്തുക. | ഗണിതകേളികൾ<br>ഗണിതപാട്ടുകൾ<br>കഥകൾ<br>ചിത്രങ്ങൾ<br>നിർമാണപ്രവർത്തനങ്ങൾ<br>ശേഖരണം | മധ്യകാലം | കുട്ടികൾ, അധ്യാപകർ | 1000 |
| കൃത്യതയോടും സൂക്ഷ്മതയോടും ഗണിതം കൈകാര്യം ചെയ്യുന്നതിന്. | നിർമ്മാണപ്രവർത്തനങ്ങൾ<br>ഗണിത ലാബ്<br>I.C.T | ദീർഘകാലം | കുട്ടികൾ, അധ്യാപകർ | 1000 |
| ഗണിതാശയങ്ങൾ വിശദീകരിക്കുന്നതിന് ഗണിത ഭാഷ ഉപയോഗിക്കുന്നു. | ചതുഷ്ക്രിയകൾ<br>പതിപ്പുകൾ<br>മാഗസിൻ | ഹ്രസ്വകാലം | കുട്ടികൾ, അധ്യാപകർ | 200 |
| ഗണിത പഠനത്തിൽ I.C.T സാധ്യത ഉപയോഗിക്കൽ. | ലഘു പസിലുകൾ<br>പഠനപ്രവർത്തനങ്ങൾ | ദീർഘകാലം | കുട്ടികൾ, അധ്യാപകർ | |

# മേഖല അക്കാദമികം, ഭൗതികം

| ലക്ഷ്യം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|
| ക്ലാസ് റൂം നവീകരണം | 5 മാസം | മാനേജർ | 5 ലക്ഷം |
| ലൈബ്രറി നവീകരണം | | | |
| പച്ചക്കറി തോട്ടം നിർമാണം | 5 മാസം | മാനേജർ<br>അദ്ധ്യാപകർ | 3 ലക്ഷം |
| ജൈവ വൈവിധ്യ പാർക്ക് നിർമ്മാണം | | | |

- **മേഖല: അക്കാദമികം, ഭൗതികം**
- **ഉപമേഖല: ലൈബ്രറി, കാർഷികത്തോട്ടം, ജൈവവ വൈവിധ്യ പാർക്**
- **പ്രവർത്തനത്തിന്റെ പേര്: പരിസര പഠന സൗഹൃദ സ്കൂൾ.**

**ലക്ഷ്യങ്ങൾ**

- ലൈബ്രറി കുട്ടികളുടെ പഠനപോഷണത്തിന് ആവശ്യമായ ലൈബ്രറി സജ്ജീകരണം ഒരുക്കൽ.
- വിഷരഹിത പച്ചക്കറികളുടെ ഉൽപാദനം സ്കൂൾ വളപ്പിൽ ഫലപ്രദമായി നിർമിക്കൽ.
- പരിസ്ഥിതി സൗഹാർദ്ദപരമായ നല്ല ഒരു ജൈവ വൈവിധ്യ പാർക്കിന്റെ നിർമാണം.

- **നടത്തുന്ന പ്രവർത്തനങ്ങൾ:-**

■ **ലൈബ്രറി നവീകരണം:**

പ്രൈമറി വിദ്യാഭ്യാസത്തിന്റെ ഭാഗമായുള്ള കുട്ടികളുടെ ഭാഷ നവീകരണത്തിനും വിജ്ഞാന പുരോഗതിക്കുമായി ഫലപ്രദമായ ഒരു ലൈബ്രറി അന്തരീക്ഷം സൃഷ്ടിക്കേണ്ടത് അനിവാര്യമാണ്. അതിനാൽ നിലവിലുള്ള ലൈബ്രറി അന്തരീക്ഷം മെച്ചപ്പെടുത്തുകയും പുതിയ പുസ്തകങ്ങൾ കണ്ടെത്തി അവ കുട്ടികൾക്ക് ലഭ്യമാക്കുകയും ചെയ്യണം.

**ചുമതല:**

അധ്യാപകർ, പി.ടി.എ മാറ്റ് അനുഭാവികൾ എന്നിവരിൽ നിന്നും പുസ്തകങ്ങൾ ശേഖരിക്കുകയും വിദ്യാരംഗം കലാസാഹിത്യ വേദി കോഓർഡിനേറ്റർ ഈ പ്രവർത്തനങ്ങളെ കോർഡിനേറ്റ് ചെയ്യുകയും എസ്.ആർ.ജി / എസ്.എസ്.ജി / പി.ടി.എ സഹായത്തോടെ ഹെഡ്മാസ്റ്ററുടെ നേതൃത്വത്തിൽ മോണിറ്ററിംഗ് കമ്മിറ്റി .

■ **ക്ലാസ്സ്റൂം ലൈബ്രറി സജ്ജീകരിക്കൽ:**

സ്കൂൾ ലൈബ്രറിയോടൊപ്പം തന്നെ സജീവമായി നിലനിർത്തേണ്ട ഒന്നാണ് കുട്ടികളുടെ ക്ലാസ്സ്റൂം ലൈബ്രറി കുട്ടികളിൽ നിന്നും പൂർവ വിദ്യാർത്ഥികളിൽ നിന്നും ശേഖരിച്ച വായന സാമഗ്രികൾ ഇതിൽ ഉൾപ്പെടുത്താം.

**ചുമതല:**

ക്ലാസ് അധ്യാപകൻ, എച്. എം

- **<u>വായനകുറിപ്പുകൾ തയ്യാറാക്കലും അവയുടെ അവതരണവും.</u>**

  കുട്ടികൾ ലൈബ്രറി പുസ്തകങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നു എന്ന് കണ്ടെത്തുന്നതിനായി അവർ വായിച്ച പുസ്തകങ്ങളുടെ ആസ്വാദനവും വായനക്കുറിപ്പുകളും ശേഖരിക്കേണ്ടതുണ്ട്.ഇവ അസംബ്ലയിൽ അവതരിപ്പിക്കുവാനുള്ള അവസരവും നൽകേണ്ടതുണ്ട്.

  **ചുമതല:**

  ക്ലാസ് അധ്യാപകൻ

- **<u>പച്ചക്കറിത്തോട്ടം നിർമാണം:</u>**

  സ്കൂളിൽ വിഷരഹിത പച്ചക്കറികൾ ലഭ്യമാക്കാൻ കഴിയുന്ന ഏറ്റവും നല്ല മാർഗം അവ സ്കൂളിൽ തന്നെ നിർമിക്കുക എന്നതാണ്. കുട്ടികളുടെയും രക്ഷകർത്താക്കളുടെയും അധ്യാപകരുടെയും സമഗ്രപ്രയത്നത്തിലൂടെ അത് സാക്ഷാത്കരിക്കാനാവുകയും ചെയ്യും. ഒഴിവു സമയങ്ങളിലും, പഠനസമയത്തിന് ശേഷവും, ശനി, ഞായർ ദിവസങ്ങളിലും ഇതിനു വേണ്ട പ്രവർത്തനങ്ങൾ പ്രാദേശിക കൃഷി ഓഫീസറുടെ സഹായത്തോടെ നടത്തുവാൻ കഴിയും.

  **ചുമതല:**

  അധ്യാപകർ, എച്.എം, പി.ടി.എ, എസ്.എം.സി

- **<u>ജൈവ വൈവിധ്യ പാർക്ക് നിർമാണം:</u>**

  അല്പം ചെലവ് കൂടിയതും എന്നാൽ പരിസരവുമായി ഇണങ്ങി ഒരു കുട്ടിക്ക് അവന്റെ പഠനാന്തരീക്ഷം ലഭിക്കാൻ സഹായിക്കുന്ന ഒന്നാണ് ഒരു ജൈവ വൈവിധ്യ പാർക്ക്. ഒരു ജൈവ വൈവിധ്യ പാർക്ക് നിർമ്മാണം കുട്ടികൾക്ക് അവരുടെ പ്രകൃതിയുടെയും പരിസ്ഥിതിയുടെയും പഴമയുടെയും അറിവ് നൽകുന്നു. കാർഷിക തോട്ടത്തിനോട് ചേർന്ന് തന്നെ ജൈവ വൈവിധ്യ പാർക്ക് നിര്മിക്കാവുന്നതാണ്. അതിൽ വ്യത്യസ്ത തരാം സസ്യങ്ങളും മറ്റു ജീവികളും (മീൻ, തവള) എന്നിവയും ഉൾപ്പെടുത്തേണ്ടതാണ്.

  **ചുമതല:**

  - അധ്യാപകർ / ഹെഡ്മാസ്റ്റർ
  - പി.ടി.എ / എം.പി.ടി.എ
  - എസ്.എം.സി / എസ്. ആർ. ജി
  - സ്കൂൾ അനുഭാവികൾ
  - പൊതുപ്രവർത്തകർ

## <u>സാമ്പത്തികം:</u>

- പച്ചക്കറിത്തോട്ട നിർമ്മാണ ചെലവ്.
- പുസ്തകങ്ങൾ വാങ്ങുന്നതിനുള്ള ചെലവ് - 20000
- പുസ്തകങ്ങൾ ക്രമീകരിക്കുന്നതിനുള്ള അലമാര ഷെൽഫ് തുടങ്ങിയവയുടെ ചെലവ് - 10000
- ജൈവ വൈവിധ്യ പാർക്ക് നിർമാണ ചെലവ്. - 25000

# ടാലന്റ് ലാബ്

കുട്ടികളിലെ കഴിവുകൾ കണ്ടെത്തി പരിപോഷിപ്പിക്കാനായി 2018-2019 അധ്യയന വർഷത്തിൽ ആരംഭിച്ച ടാലന്റ് ലാബ് സംവിധാനം ഒന്നുകൂടി മികച്ച രീതിയിൽ പരിപോഷിപ്പിച്ചു എടുക്കാനാണ് ഇക്കുറി തീരുമാനിച്ചിരിക്കുന്നത്. ടാലന്റ്കളുടെ ലിസ്റ്റ് തയ്യാറാക്കുക, സമാന അഭിരുചിയുള്ളവരെ ചേർത്ത് ടാലന്റ് ഗ്രൂപ്പുകൾ രൂപീകരിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾക്ക് ശേഷം ഒരു വർഷത്തേക്കുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. മുൻ വര്ഷങ്ങളിലെ മികവുകളും നേട്ടങ്ങളും ഒക്കെ കണക്കിലെടുത്തുകൊണ്ട് പുത്തൻ മേഖലകൾ ചേക്കേറാൻ ശ്രമിക്കുവാൻ ഉദ്ദേശിക്കുന്നു.

# കാഴ്ചപ്പാട്

മലയാള ഭാഷ ഫലപ്രദമായി വായിക്കാനും എഴുതുവാനും സംസാരിക്കുവാനുമുള്ള ശേഷി വികസിപ്പിക്കുന്നതിലൂടെ കുട്ടികളുടെ വ്യക്തിത്വത്തിൽ വളരെയധികം മാറ്റം സംഭവിക്കും. പ്രഭാഷണം, പ്രസംഗം, വാർത്താവതരണം, സംഭാഷണം എന്നിങ്ങനെയുള്ള മികച്ച ശ്രവണാനുഭവങ്ങൾ നൽകുന്നതിലൂടെ കുട്ടികളുടെ ഭാഷാ പ്രകടന ശേഷി മികവുറ്റതാക്കാൻ സാധിക്കും. എല്ലാ കുട്ടികളെയും ഗണിതത്തോടും ശാസ്ത്രത്തോടും അടുപ്പിക്കാനും അവരുടെ ഇഷ്ട വിഷയമായി ഇവ മാറ്റാനും സാധിക്കും. ഈ മാറ്റങ്ങൾ വരും നാളുകളിൽ സ്കൂളിന്റെ പ്രവർത്തനങ്ങൾ സുഗമമാക്കാൻ സഹായിക്കും എന്ന് കരുതുന്നു.